STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.90/PR/SPMC/PHQ/2022 Date:05.05.2022

## സ്ഫോടക വസ്തു നിർവ്വീര്യമാക്കൽ പരിശീലനം :

## ദേശീയതലത്തിൽ ഒന്നാംസ്ഥാനം നേടി കേരള പോലീസ് തണ്ടർബോൾട്ട്

പൂനെ സി.ആർ.പി.എഫ് ക്യാമ്പിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഐ.ഇ.ഡി മാനേജ്മെന്റിൽ നടന്ന സ്ഫോടക വസ്തു നിർവ്വീര്യമാക്കൽ പരിശീലനത്തിൽ കേരളാ പോലീസ് തണ്ടർ ബോൾട്ട് വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ആറാഴ്ച നീണ്ട പരിശീലനത്തിൽ കൗണ്ടർ ഐ.ഇ.ഡി കോഴ്സിനാണ് കേരളാ പോലീസ് തണ്ടർബോൾട്ട് ഓവർ ഓൾ ട്രോഫി നേടിയത്. പ്രത്യേക വൈദഗ്ദ്ധ്യം വേണ്ട ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ തണ്ടർബോൾട്ട് കമാന്റോ സന്ദീപ് രവി ഒന്നാം സ്ഥാനവും മൊത്തം മികവിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനവും നേടി മികച്ച കേഡറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യ റിസർവ്വ് ബറ്റാലിയന് പുറമെ എൻ.എസ്.ജി, എസ്.എസ്.ബി, സി.ആർ.പി.എഫ്, കോബ്രാ എന്നീ വിഭാഗങ്ങളിൽ നിന്നായി 114 കേഡറ്റുകൾ പങ്കെടുത്ത കോഴ്സിലാണ് കേരളാ പോലീസ് ഓവർ ഓൾ ട്രോഫി സ്വന്തമാക്കിയത്.

ഫോട്ടോ ക്യാപ്ഷൻ : ഫോട്ടോ1. പൂനെ സി.ആർ.പി.എഫ് ക്യാമ്പിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഐ.ഇ.ഡി മാനേജ്മെന്റിൽ നടന്ന കൗണ്ടർ ഐ.ഇ.ഡി കോഴ്സിൽ ഓവർ ഓൾ ട്രോഫി നേടിയ കേരളാ പോലീസ് സംഘം.

ഫോട്ടോ 2. പൂനെ സി.ആർ.പി.എഫ് ക്യാമ്പിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഐ.ഇ.ഡി മാനേജ്മെന്റിൽ നടന്ന കൗണ്ടർ ഐ.ഇ.ഡി കോഴ്സിൽ പ്രത്യേക വൈദഗ്ദ്ധ്യം വേണ്ട ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ ഒന്നാം സ്ഥാനവും മൊത്തം മികവിന്റെ അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനവും നേടിയ കമാന്റോ സന്ദീപ് രവി പുരസ്കാരം ഏറ്റുവാങ്ങുന്നു.

****************************